142 (142). പാർട്ട് ടൈം ജീവനക്കാരുടെ നിയമനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശ്രീമതി കെ.കെ. പുഷ്പവല്ലി തന്നെ ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരിയായി നിയമിക്കണം എന്നാവശ്യപ്പെട്ടത് വ്യാജസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ എന്നാണ് പരിശോധനക്ക് വിധേയമാക്കിയത്; സർട്ടിഫിക്കറ്റിൽ ആരുടെ ഒപ്പാണ് ഫോർജ് ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് എന്നാണ് പിടിച്ചെടുത്തതെന്നും നിലവിൽ ആരുടെ കസ്റ്റഡിയിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ

(ബി) 26.6.96-ൽ പരിശോധനക്ക് വിധേയമാക്കി. പ്രസ്തുത സർട്ടിഫിക്കറ്റിൽ മുട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരായ ഡോ. ജോസ് ചെറിയാൻ, ഡോ. പി.സി. ജോസഫ് എന്നിവരുടെ ഒപ്പുകൾക്ക് സമാനമായ ഒപ്പുകളാണ് ഫോർജ് ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് പിടിച്ചെടുത്തിട്ടില്ല.

143 (143). ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹെൽത്ത്, ഐ.എസ്.എം. ഹോമിയോപ്പതി വകുപ്പുകളിൽ ലൈറ്റ്ഡ്യൂട്ടി ഡ്രൈവർ, ഹെവിഡ്യൂട്ടി ഡ്രൈവർ, തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ലാക്രമത്തിൽ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പി.എസ്.സി. ഈ തസ്തികകൾക്കായി തിരുവനന്തപുരം ജില്ലയിലേയ്ക്ക് തയ്യാറാക്കിയ ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ;

(സി) എങ്കിൽ പ്രസ്തുത തസ്തികയിലെ ഒഴിവുകൾ മുഴുവനും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഏതെങ്കിലും ഒഴിവിൽ ദിവസക്കൂലിപ്രകാരം ആരെങ്കിലും ജോലി നോക്കുന്നുണ്ടോ;

(ഇ) നിലവിലുള്ള ഒഴിവുകൾ സത്വരമായി പി.എസ്.സി.യെ അറിയിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ വിവിധ ജില്ലകളിലായി 73 ഹെവിഡ്യൂട്ടി ഡ്രൈവർമാരുടെ ഒഴിവുകളുണ്ട്. ജില്ലാക്രമത്തിൽ ചുവടെ നൽകുന്നു.

കൊല്ലം	-	10
ആലപ്പുഴ	-	3
കോട്ടയം	-	8

LIBRARY ARCHIVES Kerala Legislative Assembly